"കുസുമങ്ങൾ" No 1.



ാപ്പാപ്പാ മാതാക്കളോട്ട്.

വില അണ. 2.

"കുസുമങ്ങൾ" No 1.

മാപ്പ്ാപ്പാ മാതാക്കളോട്.

1941 ഒക്ടോബർ 26-ാം തിയതി ക്രിസ്തുരാജന്റെ തിരു നാൾമഹാംപ്രമാണിച്ച് ഇറാലിയിലെ എല്ലാ രൂപതകളിൽ നിന്നും സമ്മേളിച്ച കത്തോലിക്കാ പ്രവർത്തനനിരതരായ മഹിളാമണി കളോടും അവരുടെ സാഹായകാരിണികളോടും പന്ത്രണ്ടാം പീയോസു മാപ്പ്ാപ്പാചെയ്ത ഉൽബോധനം.

DHARMARAM COLLEGE
LIBRARY
BANGALORE-29

വിവർത്തകൻ

പെ. ബ. മന്നനാൽ കുയ്യ്ച്ചൻ.

St. Joseph's Press, Mannanam, 1944.

പ്രസ്താവന.

'കുസുമങ്ങൾ' എന്ന പേരിൽ ഒരു ഗ്രന്ഥപരമ്പര പ്രസിദ്ധീകരിക്കണമെന്ന് ഞങ്ങൾക്കാഗ്രഹമുണ്ട്. പൊതുജനോപകാരത്തെ ലക്ഷ്യമാക്കി വിവിധങ്ങളായ വിഷയങ്ങളെ പരാമർശിച്ചു് ചെറിയ ചെറിയ ഗ്രന്ഥങ്ങൾ അച്ചടിച്ചു് വിതരണംചെയ്യണമെന്നാണു് ഉദ്ദേശിക്കുന്നതു്. പ്രസ്തുത പരമ്പരയിലെ ഒന്നാമത്തേ നമ്പരായി 'മാപ്പിപ്പാ മതാക്കളോടു്' എന്ന ഈ ചെറുഗ്രന്ഥം തെരിഞ്ഞെടുത്തതിനു് ഒരു പ്രത്യേക കാരണമുണ്ട്. മതാത്മകവും സാമുദായികവും, രാഷ്ട്രീയവും, സാമ്പത്തികവുമായ സകലത്തിന്റെയും അഭിവൃദ്ധിയ്ക്കു നിദാനം ഗാർഹികജീവിതത്തിന്റെ പവിത്രീകരണമാണു്. കുടുംബജീവിതത്തിൽ—സന്താനങ്ങളെ ഉത്തമപരന്മാരാക്കിത്തീർക്കുന്നകാര്യത്തിൽ—മാതാക്കൾക്കുള്ള സ്ഥാനം അദ്വിതീയമാണെന്നു വേണം പറയുവാൻ. ഈ വിഷയത്തെ സംബന്ധിച്ചു് ധാർമ്മിക സാമ്രാട്ടായ മാപ്പിപ്പാ തിരുമനസ്സുകൊണ്ടു അടുത്ത കാലത്തു ചെയ്തിട്ടുള്ള ഒരു പ്രഭാഷണം ഏവരുടെയും ശ്രദ്ധയെ സമാകർഷിച്ചിട്ടുള്ള ഒന്നാണു്; കുടുംബജീവിതത്തിന്റെ മാർഗ്ഗദർശിനിയാണു്.

ഈ പ്രഭാഷണം ഇത്ര ഭംഗിയായി തർജ്ജമചെയ്തു ഞങ്ങളുടെ ഗ്രന്ഥപരമ്പരയിലേ ആദ്യ കുസുമമായി പ്രസിദ്ധീകരിച്ചുകൊള്ളുവാൻ സദയം അനുമതി നൽകിയ പെ. ബ. മണ്ണനാൽ കുഞ്ഞച്ചൻ അവർകളോടു് ഞങ്ങൾക്കുള്ള അപാരമായ നന്ദിയെ പ്രകാശിപ്പിച്ചുകൊള്ളുന്നു. ലേഖനസഹായംകൊണ്ടും മറ്റും ഈ പരിശ്രമത്തിൽ ഞങ്ങളോടു സഹകരിക്കുന്ന വളരെപ്പേർ ഉണ്ടാകുമെന്നാണു് ഞങ്ങളുടെ പ്രതീക്ഷ.

പ്രസാധകൻ,
ഫാദർ വിൽഫ്രിഡ് ഠറി. ഒ. സി. ഡി.,
സുപ്പീരിയർ.

സെന്റ് ജോസഫ്സ് പ്രസ്സ്,
മാന്നാനം,
25-11-'44.

മാപ്പാപ്പാ മാതാക്കളോടു്.

1941 ഒക്ടോബർ
26–ാം തീയതി ക്രിസ്തുരാജന്റെ
തിരുനാൾമഹം പ്രമാണിച്ചു്
ഇറാലിയിലെ എല്ലാ രൂപതകളിൽ
നിന്നും സമ്മേളിച്ച കത്തോലിക്കാ പ്രവർത്തന
നിരതരായ മഹിളാമണികളോടും
അവരുടെ സാഹായ്യകാരിണി
കളോടും

പന്ത്രണ്ടാം
പിയോസു മാപ്പാപ്പാചെയ്ത
പ്രഭാഷണം.

മാതാക്കൾ, അദ്ധ്യാപകവൃത്തിയിൽ ഏർപ്പെട്ടിരിക്കുന്ന സഹോദരിമാർ, അദ്ധ്യാപികമാർ, ബാലികാബാലകന്മാർക്കായുള്ള ഇറാലിയൻ കത്തോലിക്കാപ്രവർത്തന പ്രതിനിധികൾ, വിദ്യാവിതരണജോലിയിൽ ജീവിതാർപ്പണം ചെയ്തിരിക്കുന്ന ഇതരനാരീമണികൾ എന്നിവർ ഉൾപ്പെട്ടുന്ന ഈ പ്രശസ്യ സമൂഹത്തെ നാം പരിവീക്ഷിക്കുമ്പോൾ, നമ്മുടെ ചിന്താപ്രവാഹം ഈ യോഗശാലയുടെ കവാടങ്ങളെയും ഇറാലിയുടെ പഞ്ചാങ്ങളെയും തരണംചെയ്തു് ലോകത്തിന്റെ നാനാഭാഗങ്ങളിൽ എത്തുപെട്ടന്നതിനോടെ, മനുഷ്യവർഗ്ഗത്തിന്റെ ഉത്തമാംശ

വും മാതാക്കളുടെ ഹൃദയാനന്ദവുമായ ആ പ്രേഷ്ഠബാല
ഗണത്തെ നാം ആലിംഗനം ചെയ്യുകൊള്ളുന്നു. ശാശ്വ
തയശസ്സിനായ പതിനൊന്നാം പീയോസു പാപ്പാ
1929 ഡിസംബർ 31-ലെ 'അ ദിവ്യ ഉത്തമിടൻറ'-
Divini illius magistri- എന്നാരംഭിക്കുന്ന വിശ്വലോ
കനഭാരാ യുവജനതയുടെ ക്രിസ്തീയ ശിക്ഷണത്തെ
പ്പറ്റി വളരെ ഗഹനമായി പ്രതിപാദിച്ചിട്ടുള്ള വസ്തു
ഇത്തരുണത്തിൽ നാം അനുസ്മരിക്കുന്നുണ്ട്.

സർവ്വപ്രധാനമായ ഈ വിഷയത്തെപ്പറ്റി ഉപന്യ
സിക്കവേ അവിടുന്ന് സഭ, കുടുംബം, രാഷ്ട്രം എന്നി
വയിൽ ഓരോന്നിനും അതിലുള്ള സ്ഥാനത്തെ സവിസ്തരം
നിർദ്ദേശിച്ചശേഷം, മാതാപിതാക്കന്മാർ പലപ്പോഴും
തങ്ങളുടെ ശിക്ഷണജോലി നിർവ്വഹിക്കുന്നതിൽ വേണ്ടത്ര
സജ്ജീകൃതരോ ഒരുക്കമുള്ളവരോ അല്ല എന്നു അനുശോ
കാത്മനായി പ്രസ്താവിച്ചിരിക്കുന്നു. പ്രസ്തുത ലേഖന
മാകട്ടെ സുവ്യക്തവും സമഗ്രവുമായ ഒന്നാണെങ്കിലും,
കുടുംബത്തിൽ നിർവ്വഹിക്കപ്പെടേണ്ട ശിക്ഷണത്തെപ്പ
റ്റി സവിസ്തരം അതിൽ ഉപപാദിക്കുന്നതിനു അതി
ൻറ സിമകൾ അനുവദിച്ചില്ല. തൻമൂലം വേദോപ
ദേശം, അജപാലനം, വാമൊഴി, ഗ്രന്ഥപ്രചാരം സ
മാജ്ജിച്ച വരമൊഴി എന്നിങ്ങനെ നാനാരൂപത്തിൽപെട്ട
മാർഗ്ഗങ്ങളെ ഉപയോഗിച്ചുകൊണ്ട് ക്രിസ്തീയമാതാപിതാ
ക്കന്മാർ തങ്ങളുടെ കുട്ടികളുടെ ശിക്ഷണത്തിൽ അനു
ഷ്ഠിക്കേണ്ട മതപരവും സാന്മാർഗ്ഗികവും പൌരോഹിത്യവുമായ
ധർമ്മങ്ങളെയും, തദനുഷ്ഠാപനത്തിനായി തങ്ങളുടെ സ്വന്ത
ദൃഷ്ടാന്തത്തിനും പുറമേ അവർ അവലംബിക്കേണ്ട മാർഗ്ഗ
ങ്ങളെയുംപറ്റി അവർക്കു പ്രബോധനം നൽകുന്നതിനു
ആത്മപരിപാലനജോലി കൈവരിച്ചിരിക്കുന്ന എല്ലാവ
രെയും മിശിഹായുടെ നാമത്തിൽ അദ്ദേഹം ഉൽബോ
ധിപ്പിക്കുന്നു.

ഇങ്ങനെ ആത്മപാലകന്മാർക്കു പ്രചോദനം നൽകി

യക്രൂട്ടത്തിൽ മഹാനായ ആ അപ്പോസ്തോലൻ അമ്മയെന്നോ അപ്പനെന്നോ ഉള്ളഭേദംകൂടാതെ മാതാപിതാക്കന്മാർ എവരേയും ഒരുപോലെ പ്രോത്സാഹിപ്പിക്കയാണു ചെയ്യുന്നത്: എന്നാൽ മാതാക്കൾക്കും കുട്ടികളുടെ മറ്റു അദ്ധ്യാപികമാക്കും ഈ പ്രത്യേകസന്ദർഭം വിശേഷവിധിയായി നാം അനുവദിച്ചതിൽ നമ്മുടെ അഭിവന്ദ്യനായ മുൻഗാമിയുടെ അഭിലാഷാനുസരണമത്രെ നാം പ്രവർത്തിക്കുന്നതു് എന്നാണു് നമ്മുടെ വിശ്വാസം. നാവവധൂക്കളോടു നാം പ്രഭാഷണം ചെയ്യുമ്പോൾ നമ്മുടെ വചനങ്ങൾ നിങ്ങളെയും സംബോധനം ചെയ്യുന്നു എന്നതു നേരുതന്നെ. എന്നിരുന്നാലും നമ്മുടെ ഏറ്റം പ്രിയപുത്രിമാരേ, നിങ്ങളോടും പ്രത്യേകമായി സംഭാഷണം ചെയ്യുന്നതിനു ഈ അവസരം ലഭിച്ചതിൽ നാം അതീവ സന്തുഷ്ടനായിരിക്കുന്നു. എന്തുകൊണ്ടെന്നാൽ മാതാക്കളിലും അവർക്കു സാഹായ്യം നൽകുന്ന അതിനിപുണകളും ദൈവഭക്തകളുമായ മഹിളാമണികളിലും നാം വീക്ഷിക്കുന്നതു് പിഞ്ചുപൈതങ്ങളുടെ ആത്മാക്കളിന്മേലും, ഭക്തിയിലും സുകൃത്തിലുമുള്ള അവരുടെ വളർച്ചയിന്മേലും അദ്യം മുതല്ക്കേ ദിഢപരിചയഫലമായ സ്വാധീനശക്തി ചെലുത്തുന്നവരെയത്രെ.

കുട്ടംബത്തിൽ പ്രദാനം ചെയ്യപ്പെടുന്ന ശിക്ഷണം എത്രകണ്ടു പ്രാധാന്യം അർഹിക്കുന്നതും അത്യന്താപേക്ഷിതവുമാണെന്നും, അതിനെ തീരെ ഉപേക്ഷിക്കയോ അഥവാ ഉദാസീനമായിമാത്രം നിർവ്വഹിക്കയോ ചെയ്യാതിരിക്കുന്നതിനു ഒരു മാതാവിനുള്ള ചുമതല എത്രമാത്രം ഗൌരവാവഹമായിരിക്കുന്നു എന്നും ഉള്ളതിനേപ്പറ്റി അനുസ്മരിപ്പിക്കുന്നതിനു നാം ഉദ്യമിക്കുന്നില്ല. കത്തോലിക്കാ പ്രവർത്തനത്തിൽ ദത്തശ്രദ്ധരായിരിക്കുന്ന നമ്മുടെ പ്രിയപുത്രിമാരോടാണല്ലൊ നാം സംസാരിക്കുന്നതു്. ക്രിസ്തിയ മാതാക്കൾ എന്ന നിലയിൽ തങ്ങളുടെ കർത്തവ്യങ്ങളിൽ പ്രാഥമ്യം വഹിക്കുന്നതും തങ്ങളുടെ സ്ഥാനത്തു മറ്റാർക്കും

പരിപൂർണ്ണമായി നിർവ്വഹിക്കാൻ പാടില്ലാത്തതുമായ ഒരു ജോലിയായിട്ടാണ് അവർ ഈ ചുമതലയെ പരിഗണിക്കുന്നത്. പുനരധിവാസത്തിനപ്പുറത്തു നമുക്ക് സംശയലേശമില്ല. എന്നാൽ ഒരു കടമയെപ്പറ്റി ബോധവും അതു ശരിയായി നിവർത്തിക്കുന്നതിനു അഭിവാഞ്ഛയുമുണ്ടായാൽ മാത്രം പോരാ; അതിനെ സമർത്ഥമായി അനുഷ്ഠിക്കുന്നതിനു വേണ്ട പയറ്റുംപൂ സമ്പാദിക്കുകകൂടി അവശ്യകമാണ്.

ശിക്ഷണം നൽകുക എന്ന വിഷമജോലിക്കു ഗംഭീരമായ സജ്ജീകരണം ആവശ്യമാണ്.

അരിവിചിത്രവും, പതിനൊന്നാം പീയോസു പാപ്പാ തന്റെ വിശ്വലേഖനത്തിൽ പ്രസ്താവിച്ചിട്ടുള്ളതുപോലെ, ശോചനീയവുമായ ഒരു സംഗതിയുണ്ട്. അതായതു, ഒരു യന്ത്രകാരനോ, ശില്പകാരനോ, വൈദ്യനോ, വക്കീലോ ആകുന്നതിനു അതതു വിദ്യകളിൽ പ്രാവീണ്യം പ്രാപിച്ചിട്ടുള്ളവർക്കു ശിഷ്യപ്പെട്ട് വേണ്ട സജ്ജീകരണമൊക്കെ ചെയ്യുശേഷമല്ലാതെ പെട്ടെന്നു യാതൊരുത്തനും ഏതാദൃശ തൊഴിലുകളിൽ ഏർപ്പെട്ടുന്നില്ല. എന്നാൽ വളരെയധികം യുവതിയുവാക്കന്മാർ വിവാഹം കഴിക്കുന്നതായി നാം ദിവസംതോറും കാണുന്നു. എങ്കിലും ഭാവിയിൽ അവർ നിർവ്വഹിക്കേണ്ടതായ തങ്ങളുടെ സന്താനങ്ങളുടെ ശിക്ഷണമെന്ന അതിദുഷ്കരമായ ജോലിക്കു തങ്ങളെ തയ്യാറാക്കുന്നതിനെപ്പറ്റി ഒരു ക്ഷണനേരത്തേക്കുപോലും അലോചിക്കാതെയാണ് അവർ അങ്ങനെ ചെയ്യുന്നത്. എന്നാൽ സകല കലാവിദ്യകളിലേക്കും വലിയ കലാവിദ്യ ആത്മപരിപാലനം ആകുന്നു എന്നതു മഹാനായ വിശുദ്ധ ഗ്രിഗോറിയോസു പറയുന്നുണ്ട്. അസ്ഥിതിക്ക് മറ്റൊരു കലാവിദ്യയും കൂട്ടികളെ കയ്യപ്പിടിക്കുന്നതിനേക്കാൾ വിഷമതരമോ കഷ്ടശകരമോ അല്ലെന്നു തീർച്ചയാണ്. കാരണം, ഈ ആത്മാക്കൾ അത്രയുമധികം മൂല്യങ്ങളാണ്; വിചാരശൂന്യമായ വല്ലപരുമാറ്റമോ അനുചിതമായ ഉപദേശമോ മൂലം

അവ ഏളുപ്പത്തിൽ വിരുപപ്പെട്ടന്നു; സൽപഥത്തി
ലൂടെ അവരെ നയിക്കുക വളരെ ക്ലേശകരമത്രെ;
അനായാസേന അവർ കുപഥചാരികളായി തീരുന്നു;
ദുഷ്പ്രേരണയോ കഠോരമായ ഉദാസീനതയോ മൂലം
ഉളവാകുന്ന നാശകരങ്ങളും, മാഞ്ഞുപോകാത്തവയുമായ
അങ്കങ്ങളെ സ്വീകരിക്കുന്നതിനു അവർ മെഴുകിനേക്കാൾ
അധികം ഗ്രഹണക്ഷമങ്ങളുമാണ്. ഏതൊരു ശിശുവി
ന്റെ മാതാവു് അതിനെ തൊട്ടിലിന്റെ അന്തികത്തിൽ
ഒരു കാവൽ ദൂതനെപ്പോലെ നിന്നുകൊണ്ടു് അതിനു ഉ
ത്തമജ്ഞാനം നൽകി സുകൃതമാർഗ്ഗത്തിൽ അതിനെ നയി
ക്കുന്നുവോ ആ ശിശു ഭാഗ്യവാൻ തന്നെ! ആകയാൽ നി
ങ്ങൾ ഇതുവരെ സാധിച്ചു കഴിഞ്ഞതായതിനെപ്പറ്റി നാം നി
ങ്ങളെ അഭിനന്ദിച്ചുകൊള്ളുന്നു. അതോടുകൂടിത്തന്നെ, ത
ങ്ങളുടെ വിശിഷ്ടമായ ഉദ്യോഗത്തെപ്പറ്റി ബോധവും
അനുസ്മരണയുമുള്ളവരും ഭീമനെ തടയുന്നതിൽ ജാഗരൂ
കരും നന്മയെ ഉന്നമിപ്പിക്കുന്നതിൽ ഉൽസുകരുംആയ ശി
ക്ഷകരെ സമുദായഗ്രങ്ങൾക്കും സാമുദായിക ഗണങ്ങൾ
ക്കും പ്രധാനം ചെയ്യുന്ന കായ്ത്തിൽ വളരെയധികം പ
രിശ്രമിക്കുന്ന അതി ഭാസുരങ്ങളായ ആ സംഘടനകളെ
അഭിവൃദ്ധിപ്പെടുത്തുന്നതിനു നിങ്ങളെ നാംപിണ്ടും സതീ
ക്ഷ്ണം ഉൽബോധിപ്പിച്ചുകൊള്ളുന്നു. ഈദൃശ ചിന്താഗ
തി ഏതു മഹിളാമണിയിൽ, ഏതു മാതാവിൽ, കുടികൊ
ള്ളുന്നുവോ അവൾ ഒരു പുരുഷന്റെ ഭക്തിയുക്തയായ
സഹധർമ്മിണി എന്ന ബഹുമതിക്കും മാഹാത്മ്യത്തിനും
അർഹയായി ഭവിക്കുന്നു. ഈദൃശയായ ഒരു മാതാവു് ഒരു
സുംഭസദൃശയാണ്. കാരണം, അവൾ സപ്തഗ്രഹത്തി
ന്റെ കേന്ദ്രാവലംബമത്രെ; അവൾ ഒരു ആകാശദീപം
പോലെയാണ്; അവളുടെ പ്രകാശം എടവകസ്സു ഒരു
മാതൃകയാണ്; അവൾ യാതൊരു ഭക്തസമാജത്തിന്റെ
അംഗമായിരിക്കുന്നുവോ അതിനു അവൾ വെളിച്ചം നൽ
കുന്നു.

ശൈശവ കാലത്തെ ശിക്ഷണം

മാതാവിന്റെ ജോലിയാണ്.

യുവഭാര്യമാക്ക് പ്രസവത്തിനു മുൻപും അവരുടെ സന്താനത്തിന്റെ ശൈശവദശയിലും അവക്ക് സാഹായ്യവും ശിക്ഷണവും നൽകുന്നതിനു ഉദ്ദേശിക്കപ്പെട്ടിരിക്കുന്ന നിങ്ങളുടെ കുത്തോലിക്കാപ്രവർത്തന സംഘടനയുടെ സമിതികൾ സവിശേഷം കാലോചിതങ്ങൾതന്നെ. ഇവമൂലം നിങ്ങൾ ഒരു മാലാഖായുടെ വേലയാണു ചെയ്യുന്നത്; മാതാവിനെയും അവൾ ഉദരത്തിൽ വഹിക്കുന്ന ശിശുവിനെയും നിങ്ങൾ സംരക്ഷിക്കുന്നു. ശിശു ലോകവെളിച്ചത്തേക്കു വരുമ്പോൾ നിങ്ങൾ പ്രസവമഞ്ചത്തിന്റെ സമീപത്തു നിലകൊള്ളുന്നു. ദൈവത്തമായ മാലാഖക്കുഞ്ഞിന്റെ ആത്മശരീരങ്ങളെ പാലൂട്ടിയും പുഞ്ചിരിതൂകിയും പോഷിപ്പിക്കുന്ന വിഷയത്തിൽ നിങ്ങൾ അവളെ സഹായിക്കുന്നു. സ്ത്രീയെ ദൈവം ഭരമേല്പിച്ചിരിക്കുന്ന മാതൃത്വം എന്ന ഉദ്യോഗം ക്ലേശപ്രദമെങ്കിലും അതിവല്ല ആനന്ദസന്ദായകമത്രെ. ശിശുവിന്റെ ആദ്യ മാസങ്ങളിലും വത്സരങ്ങളിലുമുള്ള പ്രാഥമിക ശിക്ഷണം അവളിലാണ് അധിഷ്ഠിതമായിരിക്കുന്നത്. പാരമ്പര്യസിദ്ധമായ ഔചിത്യകഥനം ശിശുവിന്റെ സ്വഭാവരൂപവൽക്കരണത്തിൽ വലുതായ ഒരു ശക്തി പ്രയോഗിക്കുന്നുണ്ട്. അതിനേപ്പറ്റി നാം ഇതു മാത്രമേ പറയുന്നുള്ളൂ; ഈ നിശ്ചിതമായ ഔചിത്യകഥനം ചിലപ്പോൾ മാതാപിതാക്കന്മാരുടെ ക്രമരഹിതമായ ജീവിതത്തെ ആക്ഷേപയോഗ്യമായി ചൂണ്ടിക്കാണിക്കുന്നു. ഈ തരക്കാരായ മാതാപിതാക്കന്മാരാകട്ടെ തങ്ങളുടെ സന്താനങ്ങളുടെ സാക്ഷാത്തായ ക്രിസ്തീയ ജീവിതം ഒട്ടുമാധ്യമാക്കുന്നുഎന്ന ദാരുണമായ ദുരവസ്ഥയ്ക്കു ഉത്തരവാദികളായി ഭവിക്കുന്നു. മാതാപിതാക്കന്മാരെ, നിങ്ങളുടെ

പരസ്പരാനുരാഗം മിശിഹായുടെ പിശാചത്താൽ പിശ്ശു ദ്ധീകൃതമാണല്ലൊ. നിങ്ങളുടെ ശിശു ഭ്രജാതമാകുന്നതിനു മുൻപേതന്നെ അതിപാവനമായ ഒരു കൂടാരത്തെ അതിനായി നിങ്ങൾ സജ്ജീകരിക്കണം. ആ പൈതൽ അതിന്റെ കണ്ണുകളെ പ്രകാശത്തിനും അതിന്റെ ആത്മാവിനെ ആയുസ്സിനും ആയി അതിൽ തുറക്കട്ടെ. ഇങ്ങനെമിശിഹായുടെ മധുരസുഗന്ധം അതിന്റെ സാന്മാർഗ്ഗിക വികാസത്തിന്റെ ഓരോ പടിക്കലും നിലകൊള്ളുമാറാകട്ടെ.

അല്ലയോ മാതാക്കളെ, നിങ്ങളുടെ ഗ്രഹണസാമർത്ഥ്യം മഹത്തരവും നിങ്ങളുടെ പ്രേമം മസൃണതരവുമാണല്ലൊ. അതിനാൽ നിങ്ങളുടെ കുഞ്ഞുങ്ങളുടെ ശൈശവദശമുഴുവനും അവരുടെമേൽ നിങ്ങളുടെ ദൃഷ്ടിപതിക്കുന്നതിനു നിങ്ങൾ ജാഗ്രൽകരായിരിക്കണം. അവരുടെ അല്പശരീരങ്ങളുടെ വളർച്ച, ആരോഗ്യം ഇവ നിങ്ങളുടെ സൂക്ഷ്മപരീക്ഷണവിഷയമായിരിക്കണം. അവർ നിങ്ങളുടെ മാംസത്തിൽനിന്നുള്ള മാംസവും നിങ്ങളുടെ ഉദരഫലവുമാണല്ലൊ. നിങ്ങളുടെ കുട്ടികൾ ദൈവത്തിന്റെ ദത്തുപുത്രരും മിശിഹായുടെ പ്രത്യേകപ്രേമഭാജനങ്ങളുമാകുന്നു എന്നു് അനുസ്മരിക്കുവിൻ. അവരുടെ മാലാഖാമാർ സ്വർഗ്ഗാ സ്വർഗ്ഗസ്ഥനായ പിതാവിന്റെ മുഖം ദർശിക്കുന്നു എന്നും ഓർമ്മിക്കുവിൻ. അപ്രകാരംതന്നെ നിങ്ങളും അവരെ തീറ്റിപ്പോറ്റുന്നതിനോടുകൂടി അവരെ കാവൽഭൃതന്മാരായി വർത്തിച്ചുകൊണ്ടു് നിങ്ങളുടെ സ്വപ്രയത്നങ്ങളിലും ജാഗരണങ്ങളിലും നിങ്ങളുടെ നേത്രങ്ങളെ സ്വർഗ്ഗത്തിലേക്കു ഉയർത്തിക്കൊണ്ടിരിക്കണം. അവരുടെ ആത്മാവിനും ശരീരത്തിനുംവേണ്ട ശിക്ഷണം അവരുടെ പിള്ളക്കട്ടിൽമുതൽ ആരംഭിക്കേണ്ടതു നിങ്ങളുടെ കർത്തവ്യമത്രെ. നിങ്ങൾ അവർക്കു ശിക്ഷണം നൽകുന്നില്ലെങ്കിൽ നന്മയ്ക്കോ തിന്മയ്ക്കോ ഏതെങ്കിലുമൊന്നിനായി അവർ തന്നെ സ്വയംശിക്ഷണം

ആരംഭിക്കും. യുവജനതയിലോ പക്വവയസ്സുസ്ത്രീകളിലോ നാം ദർശിക്കുന്ന സങ്കോചവികാസപരമായ സ്വഭാവവിശേഷങ്ങളിൽ പലതിന്റെയും ആരംഭം അവർ ശൈശവത്തിൽ സിദ്ധിച്ച വളർത്തലിന്റെ സാഹചര്യങ്ങളെയും സമ്പ്രദായങ്ങളെയും ആശ്രയിച്ചിരിക്കുന്നു. ഈ കാലഘട്ടത്തിൽ സമ്പാദിക്കുന്ന വെറും ഇന്ദ്രിയസംബന്ധികളായ ശീലങ്ങൾ പിൽക്കാലത്ത് ആത്മാവിന്റെ ധാർമ്മിക ജീവിതത്തിനു വലിയവിഘാതം വരുത്തിയേക്കാം. ഈ കാരണത്താൽ നിങ്ങളുടെ കുട്ടികളോടുള്ള പെരുമാറ്റത്തിൽ അസൂനമായ ആരോഗ്യശാസ്ത്രവിധികളെ അനുഷ്ഠിക്കുന്നതിനു നിങ്ങൾ പ്രത്യേക ശ്രദ്ധപതിക്കേണ്ടതാണ്. അങ്ങനെ ചെയ്യുൽ അവർക്ക് ബുദ്ധിയുപയോഗിക്കാനുള്ള പ്രായംവരുമ്പോൾ അവരുടെ ശരീരാവയവങ്ങളും ശക്തികളും ആരോഗ്യവത്തുക്കളും സുദൃഢങ്ങളും ദോഷകരങ്ങളായ ചാഞ്ചല്യങ്ങളിൽനിന്ന് നിർമ്മുക്തങ്ങളുമായിരിക്കും. ഈ കാരണത്താലത്രെ, തീരെ അസാദ്ധ്യമെന്നു വന്നുകൂടാവുന്ന സാഹചര്യങ്ങളിൽ ഒഴികെ, തള്ളമാർ തന്നെ തങ്ങളുടെ പിള്ളകൾക്ക് മുല കൊടുക്കണമെന്നുള്ളതു വളരെ സ്പൃഹണീയമായി ഭവിക്കുന്നത്. അല്പജീവികളായ കുട്ടികളുടെ വളർച്ച മുഴുവനും അവരുടെ മാതാക്കളെയാണല്ലോ ആശ്രയിച്ചിരിക്കുന്നത്. അതിനാൽ അവരുടെ വളർച്ചമേൽ തള്ളമാർ എത്ര നിഗ്രഹങ്ങളായ ശക്തികളെയാണു പ്രയോഗിക്കുന്നതു എന്നു നിർവചിക്കാൻ ആർക്കു കഴിയും? പിസ്തൂതമായി തുറന്നിരിക്കുന്ന അവരുടെ ചെറു നേത്രങ്ങളെ നിങ്ങൾ സൂക്ഷിച്ചു നോക്കിയിട്ടുണ്ടോ? അവ സർവ്വദാ അവധാനമായി ഓരോ പ്രശ്നം പുറപ്പെടുവിച്ചുകൊണ്ടിരിക്കുന്നു; അവരുടെ ദൃഷ്ടി ഒരു വസ്തുവിൽനിന്നു മറ്റൊന്നിൽ പതിയുന്നു; അവ ഒരു ചലനത്തെയോ അംഗവിക്ഷേപത്തെയോ അനുഗമിക്കുന്നു; അവ സന്തോഷമോ സന്താപമോ അമർഷമോ നിർബന്ധമോ പ്രകടിപ്പിക്കുന്നു. മനു

ഷ്യഹൃദയത്തിൽ നിലിനമായിരിക്കുന്ന ചെറുവികാരങ്ങളു
ടെ ലാഞ്ഛനകളെയത്രെ ആ ചെറുമുണ്ടുകൾ ഒരു വാ
ക്കുപോലും ഉച്ചരിക്കുൻ പഠിക്കുന്നതിനുമുൻപ് പ്രദർശി
പ്പിക്കുന്നത്. ഇതു തികച്ചും സ്വാഭാവികമാണല്ലൊ. ചില
ചിന്തകന്മാർ എന്തുതന്നെ സമർത്ഥിച്ചാലും, നാം പൂർവ്വ
ജന്മസിദ്ധമായ ജ്ഞാനത്തോടും സ്മരണകളോടും സ്വ
പ്നങ്ങളോടുംകൂടിയല്ല ഭൂജാതരാകുന്നത്. ഒരു ശിശു
തള്ളയുടെ ഉദരത്തിൽ നിന്നും പുറത്തുവരുമ്പോൾ അതി
ന്റെ മാനസം യാതൊന്നും എഴുതാത്ത കടലാസുകണ
ക്കെയാണ്. തൊട്ടിലിൽനിന്നും ശവകുടിരത്തിലേക്കു ചെ
യ്യുന്ന പ്രയാണമദ്ധ്യേ നാഴികതോറും അതിന്റെ കണ്ണു
കളും ഇതര ബാഹ്യേന്ദ്രിയങ്ങളും അവയുടെ ജീവ
ശക്തികൊണ്ടുതന്നെ ലോകചൈതന്യത്തെ പ്രദർശിപ്പി
ച്ചുകൊണ്ട് അതു എന്തിന്റെ മദ്ധ്യേ ജീവിക്കുവോ ആ പ
ദാർത്ഥങ്ങളുടെ പ്രതിഛായകളെയും ഭാവനകളെയും ആ പ
ത്രപക്ഷത്തിൽ ലേഖനം ചെയ്യും. അതിനാൽ സത്യം,
നന്മ ഇവയിലേക്കുള്ള അപ്രതിഹതമായ ഒരു പ്രവണത
ഒന്നാംതരിയാൻ വഹിയാത്ത ഈ ശുദ്ധാത്മാവിനെ ഇന്ദ്രി
യവിഷയങ്ങളിലേക്കു തിരിക്കുന്നു. ഈ ചേതനാശക്തിക
ളെല്ലാം, ഈ ബാലിശവികാരങ്ങളെല്ലാം മൂലമാണല്ലൊ
മനഃശക്തിയും ബുദ്ധിശക്തിയും ക്രമേണ പ്രബുദ്ധമാകു
ന്നത്. ഇവയ്ക്കു ശിക്ഷണവും അഭ്യാസവും സൂക്ഷ്മനിയന്ത്രണ
വും അത്യന്താപേക്ഷിതമാകുന്നു. അല്ലെങ്കിൽ ആത്മാവി
ന്റെ ഈ സൃഷ്ടിശക്തികളുടെ ക്രമാനുരോധമായ പ്രബു
ദ്ധതയും നിയന്ത്രണവുമെല്ലാം അവതാളത്തിലും കുഴപ്പത്തി
ലുമാകും. സ്നേഹാർദ്രമായ ഒരു നോട്ടം, തെറ്റു തുണ്ടിക്കാ
ണിച്ചുകൊണ്ടുള്ള ഒരു മുന്നറിയിപ്പ്, ഇവയൊക്കെക്കൊ
ണ്ട് തന്റെ എല്ലാവികാരങ്ങൾക്കും വശംവദനാകുന്നതു
വരെ ഒരു കുട്ടി അതിന്റെ ശൈശവകാലം മുതല്ക്കേ പഠി
ക്കണം. ബുദ്ധി ഉദിക്കുന്നതോടുകൂടി സ്വന്തവികാരങ്ങളു
ടെ ചാപല്യങ്ങളെ എല്ലാം വിവേചിച്ചറിഞ്ഞ് അവയു

ടെമേൽവിജയം കൈവരിക്കുന്നതിനും അതു പഠിക്കണം. ഒരു വാക്കായിപ്പറഞ്ഞാൽ, തള്ളയുടെ മാർഗ്ഗനിർദ്ദേശം, അനുശാസനം ഇവയുടെ കീഴിൽ അതു സ്വയം ശിക്ഷണം തുടങ്ങണം.

ശിശുവിന്റെ പിഞ്ചുപ്രായത്തിൽതന്നെ നിങ്ങൾ അതിനെ പഠിക്കണം. നിങ്ങൾ അവനെ നല്ലവണ്ണം അറിഞ്ഞാൽ അവനെ നന്നായി വളർത്തും; അവന്റെ സ്വഭാവത്തെ തെറ്റിദ്ധരിക്കയില്ല; നിങ്ങൾ അവനെ വേണ്ടപോലെ മനസ്സിലാക്കും; എപ്പോഴാണ് വഴക്കിക്കൊടുക്കേണ്ടത്, എപ്പോഴാണ് നിർബന്ധം പിടിക്കേണ്ടതു് എന്നു നിങ്ങൾ ഗ്രഹിക്കും. പ്രകൃത്യാ സൽസ്വഭാവികൾ ആകാനുള്ള ഭാഗ്യം മനുഷ്യപുത്രർ എല്ലാവർക്കും സംസിദ്ധമാകുന്നില്ലല്ലോ.

മാനസിക ശിക്ഷണം.

നിങ്ങളുടെ കുട്ടികളുടെ ബുദ്ധിയ്ക്കുവേണ്ട ശിക്ഷണം പ്രദാനം ചെയ്യുവിൻ. അവർക്ക് തെറ്റായ ആശയങ്ങളോ തെറ്റായ കാഴ്ച്ചപ്പാടുകളോ പറഞ്ഞുകൊടുക്കരുതു്. അവരുടെ ചോദ്യങ്ങൾ ഏതുമാതിരി ആണെങ്കിലും കപടോക്തിയോ അസത്യപ്രസ്താവനകളോ പ്രത്യുത്തരമായി നൽകിക്കൂടാ. അവയെ അവർ പ്രായേണ സ്വീകരിക്കയില്ലതന്നെ. സ്നേഹത്തോടും ക്ഷമയോടുംകൂടി അവരുടെ ബുദ്ധിക്കു സംസ്കാരം നൽകുന്നതിനുള്ള അവസരമായി ഈവക ചോദ്യങ്ങളെ നിങ്ങൾ കരുതണം. അവരുടെ ബുദ്ധി അടിലക്ഷിക്കുന്നതു് സത്യത്തിനു അതിനെ തുറന്നുകൊടുക്കാനും, അവരുടെ ഊഹാപോഹ ചിന്താശക്തികളുടെ നിഷ്കപടമായ പ്രഥമോപയോഗത്താൽ, മൂടുമുള്ള അന്ധകാരാവൃതമായ അന്തരീക്ഷത്തിൽ തപ്പിത്തിരഞ്ഞു സത്യം കണ്ടുപിടിക്കാനും ആകുന്നു. ധിനമ്പന്നന്മാരായ പലരും അവരുടെ പിഞ്ചുപ്രായത്തിൽ ഗ്രഹാന്തർഭാ

ഗത്തു തള്ളയുടെ മടിയിൽ ഇരുന്നുകൊണ്ടു് ശങ്കാലേശം കൂടാതെ അവത്തിച്ചു ചെയ്തിരുന്ന ചോദ്യങ്ങൾക്കു എത്ര മാത്രം കടപ്പെട്ടിരിക്കുന്നു എന്നു ആക്ഷേപറയാൻ കഴിയും!

സ്വഭാവസംസ്ക്കരണം.

നിങ്ങളുടെ കുട്ടികളുടെ സ്വഭാവത്തെ സംസ്കരിക്കുവിൻ, അവരുടെ തെറ്റുകളെ തിരുത്തുവിൻ; അവരുടെ സൽഗുണങ്ങളെ പ്രോത്സാഹിപ്പിക്കുകയും അഭിവൃദ്ധിപ്പെടുത്തുകയും അവയെ ദൃഢമായി ക്രമീകരിച്ചു പിൽകാലത്തിൽ അവർ സ്ഥിരമതികളാകുന്നതിനു ഇടയാക്കുകയും ചെയ്യിൻ. നിങ്ങളുടെ കുട്ടികൾവളരുന്നു ചിന്തിക്കുന്നതിനും ഇച്ഛാശക്തിയെ പ്രയോഗിക്കുന്നതിനും തുടങ്ങുന്നതിനോടെ, നിശ്ചലവും ബലവത്തും കോപബലാൽ കാരങ്ങളിൽനിന്നു നിർമ്മുക്തവും ദൈർഘ്യത്തിനോ അസ്ഥൈര്യത്തിനോ വിധേയമല്ലാത്തതും ഗുണവത്തായ ഒരു മാതൃമാനസം തങ്ങൾക്കു മാർഗ്ഗദർശനം നൽകുന്നു എന്നു ഒരു ബോദ്ധ്യം അവർക്കുണ്ടായാൽ അവർ യഥാസമയം ശ്രേഷ്ഠതരമായ മറെറാരു മനസ്സിനെറ— ദൈവചിത്തത്തിനെറാ— വ്യാഖ്യാതാവിനെ അതിൽ ഭരിക്കുന്നതിനു ശീലിക്കും. ഇങ്ങനെ സ്വഭാവത്തെ രൂപവൽകരിക്കുകയും സംധാരണം ചെയ്യുകയും, വിപൽഘട്ടങ്ങളിൽ ആത്മസംയമനത്തിലും, വിരോധങ്ങളുടെയും പരിത്യാഗങ്ങളുടെയും മുൻപിൽ ധൈര്യത്തിലും അവരെ പരിശീലിപ്പിച്ചു ക്രിസ്തീയ കർത്തവ്യത്തെപ്പറ്റി അഗാധമായ ഒരു ബോധം ഉളവാക്കുകയും ചെയ്യുന്ന സന്മാർഗ്ഗശീലങ്ങളുടെ വിത്തിനെ അവരുടെ ആത്മാവിൽ ചെറുപ്പത്തിലെ വിതയ്ക്കുകയും ചെയ്യും.

ഹൃദയസംസ്ക്കാരം.

അവരുടെ ഹൃദയങ്ങളെ സംസ്കരിക്കുക. പലപ്പോഴും ഒരുവന്റെ വിധിയെ നിർണ്ണയിക്കുന്നതു്, അവന്റെ

സ്വഭാവത്തെ അധഃപതിപ്പിക്കുന്നതു്. അഥവാ വലുതായ ഏതെങ്കിലും അപത്തു് അവനെ തജ്ജന്യം ചെയ്യുന്നതു്— ഇതിന്റെയൊക്കെ കാരണം അവന്റെ ശിശുപ്രായത്തിൽ മാതാപിതാക്കന്മാർ വഴിപിഴച്ചു് അവനെ അതിയായി വാത്സല്യിക്കുകയും വ്യാജസ്തുതി ചെയ്യുകയും അനാവശ്യമായി അമ്മരം പറകയും ബുദ്ധിശൂന്യമായി ലാളിക്കയും ചെയ്തതുനിമിത്തം അവന്റെ ഹൃദയം വഷളായിത്തീർന്നതുകൊണ്ടാണ്. മെഴുകുപാകത്തിലുള്ള ശുദ്ധപിഞ്ചുഹൃദയം എല്ലാകാര്യങ്ങളുടെയും കേന്ദ്രം താൻതന്നെ ആയിരിന്നിരിക്കുന്നതായി കണ്ടെത്തുമ്പോൾ; അതിന്റെ തന്നിഷ്ടത്തിനും ചാപല്യങ്ങൾക്കും സകലതും കീഴ്പ്പെട്ടുനടന്നതായി കണ്ടെത്തുമ്പോൾ; ഇങ്ങനെ അതിരറ്റ അഹംഭാവം അതിൽ വേരൂന്നുവാശ്രയിച്ചു; ഒടുവിൽ സ്വന്തമാതാപിതാക്കന്മാർതന്നെ അതിന്റെ അടിമയെപ്പോലെ ഭരിയായിത്തീരുന്നു! ഇങ്ങനെയൊക്കെ പലപ്പോഴും മാതാപിതാക്കന്മാരുടെ സ്വാർത്ഥത്തിനുവേണ്ടിയുണ്ടാകുന്ന നിതിയുക്തമായ ശിക്ഷതന്നെയാണു്. എന്തുകൊണ്ടെന്നാൽ അവർ തങ്ങളുടെ ഏകസന്താനത്തിനു കുഞ്ഞനുജന്മാരെയും കുഞ്ഞുപെങ്ങൾമാരെയുംകണ്ടു് ആനന്ദിയ്ക്കുന്നതിനുള്ള അവസരം നിഷേധിക്കുന്നു. ഈ കുഞ്ഞുസഹോദരങ്ങൾക്കുടെ ഉണ്ടായിരുന്നെങ്കിൽ അവരും അമ്മയുടെ സ്നേഹവാത്സല്യങ്ങളിൽ ഭാഗഭാക്കുകളാകയും, ഇങ്ങനെ അന്യരേപ്പറ്റിക്കൂടി ചിന്തിക്കുന്നതിനു അവൻ തുടങ്ങുകയും ചെയ്യുമല്ലോ. സ്നേഹം, സദാചാരത, ഭക്തി ഇവയുള്ള ഏതു ഗംഭീരവുംസമൃദ്ധവുമായ സാദ്ധ്യതകളാണു ഒരു ശിശുവിന്റെ ഹൃദയത്തിൽ ഒളിഞ്ഞുകൂടികൊള്ളുന്നതു്, ഓ മാതാക്കളേ നിങ്ങൾ അവയെ പ്രബുദ്ധമാക്കണം, പോഷിപ്പിക്കണം, നിയന്ത്രിക്കണം, അവയെ പവിത്രീകരിക്കുന്ന ഈശോയിങ്കലേക്കു— അതേ, ഈശോയിങ്കലേക്കും അവരുടെ സ്വർഗ്ഗീയമാതാവായ മറിയത്തിന്റെ പക്കലേക്കും— അവയെ ഉന്മിഷിപ്പിക്കണം. അവൾ ശിശുഹൃദയത്തെ ഭക്തിയിലേ

ക്ക തുറന്നുവിടും. അതിന്റെ നിമ്മലത്യാഗങ്ങളും നിർ ദ്ദോഷവിജയങ്ങളും കുഞ്ഞുങ്ങളുടെ ദിവ്യസ്നേഹിതനു പ്രാ ത്ഥനാസമേതം സമർപ്പിക്കുന്നതിനു അവരെത്തെ പഠിപ്പിച്ചു കൊള്ളും. ദരിദ്രന്മാരോടും ദുർഭാഗന്മാരോടും അനുകമ്പ തോന്നുന്നതിനും അവൾ അവരെ പഠിപ്പിച്ചുകൊള്ളും. കാറോ കൊടുങ്കാറോ അടിച്ചു പ്രക്ഷുബ്ധമാക്കുന്ന ശൈശവമെന്ന ആ വസന്തകാലം എത്രയോ ആനന്ദസന്ദായകമായിരിക്കുന്നു!

യൌവനദശയിൽ ഇച്ഛാശക്തിയെയും സംസ്കരിക്കണം

ഒരു ശിശുവിന്റെ ഹൃത്തടത്തെ നവീനങ്ങളായ പ്രമോദനങ്ങൾ പ്രചോദിപ്പിക്കുന്ന ഒരു ദിവസം വരും. പൈതൽകാലത്തെ പ്രശാന്തിയെ നൂതനാഭിലാഷങ്ങൾ പ്രക്ഷോഭിപ്പിക്കും. അല്ലയോ ക്രിസ്തീയ മാതാക്കളെ, ഹൃദയത്തെ സംസ്കരിക്കയെന്നുവച്ചാൽ ആ പരീക്ഷാകാലഘട്ടത്തിൽ അധർമ്മത്തിന്റെ ആക്രമണത്തെയും കാമക്രോധാദികളുടെ വഞ്ചകങ്ങളായ പ്രലോഭനങ്ങളെയും എതിർക്കുന്നതിനു അവരുടെ ഇച്ഛാശക്തിയെ പരിശീലിപ്പിക്കയാകുന്നു എന്നു അനുസ്മരിക്കുവിൻ. ബാല്യാവസ്ഥയിലെ വൈമല്യത്തിൽനിന്നു യൌവനത്തിലെ പവിത്രതയിലേക്കുള്ള ജൈത്രയാത്രാഘട്ടത്തിൽ നിങ്ങൾക്കു അതിശ്രേഷ്ഠമായ ഒരു കർത്തവ്യം അനുഷ്ഠിക്കാനുണ്ട്. നിങ്ങൾ നിങ്ങളുടെ പുത്രന്മാരെയും പുത്രിമാരെയും തയാറാക്കണം. എങ്കിൽ മാത്രമേ സപ്പുങ്ങളുടെ ഇടയിൽക്കൂടി സൂക്ഷിച്ചു കാലടിവെച്ചു നടക്കുന്നവരേപ്പോലെ, ശരീരപരിവർത്തനത്തിന്റെ ഈ നിസ്സ്വയക കാലയളവിൽ അടിപിഴയ്ക്കാതെ അവർ കടന്നുപോകയുള്ളു. നിരപരാധത പ്രദാനം ചെയ്യുന്ന ആനന്ദത്തിനോ താന്തോന്നിയായ ധികാരത്തിനു ഒരു നിരോധമായി ദൈവപരിപാല

ന അവരെ പരിബന്ധിച്ചിരിക്കുന്ന ലജ്ജാശീലതയുടെ സഹജാവബോധത്തിനോ യാതൊരു ലോപവും ക്ലേശമെ വേണമല്ലോ അവർ കടന്നുപോകുവാൻ. ഈ ലജ്ജാവബോധമാകട്ടെ പ്രകൃതിദത്തമായ വെറുപ്പോടെ അശുദ്ധമായവകളെ വീക്ഷിക്കുന്ന ഒന്നാകയാൽ അതു മതബോധത്തോടു സംബന്ധമുള്ളതാണ്. നമ്മുടെ ഈ കാലങ്ങളിൽ ആരും അതിനെ അത്ര സാരമായി കരുതുന്നില്ല. എന്നാൽ അല്പയോ മാതാക്കളേ, വിനയശ്രേഷ്ഠയും അസഭ്യവുമായ വസ്ത്രധാരണ ഭ്രഷ്ടണാദികൾ, അനുചിതങ്ങളായ പരിചയങ്ങൾ, അല്ലെങ്കിൽ ധർമ്മവിരുദ്ധമായ കൌതുകകാഴ്ചകൾ എന്നിവമൂലം അവർ അതിനെ നഷ്ടപ്പെടുത്തിക്കളയാതിരിപ്പാൻ നിങ്ങൾ സൂക്ഷ്മമുള്ളവരായിരിക്കണം. മാത്രമല്ല, അത്ര ക്ലേശതൽ കോമളവും ജാഗ്രത്കവും ഉപരിഷ്ടജ്ഞകവും അകൃത്രിമവുമാകാൻ നിങ്ങൾ പരിശ്രമിക്കുകൂടി വേണം. അവർ വെക്കുന്ന ഓരോ കാലടിയിന്മേലും നിങ്ങളുടെ ജാഗ്രത്കമായ ദൃഷ്ടി പതിയണം. ദൃഷ്ടിതമോ ദൃഷ്ടിപ്പിക്കുന്നതോ ആയ യാതൊരു ക്ലേശകെട്ടോ സംസർഗ്ഗമോ മൂലം അവരുടെ ആത്മാക്കളിൽ വിളങ്ങുന്ന ധാവല്യത മലിനീകൃതമാകുന്നതിനു നിങ്ങൾ അനുവദിക്കരുതു്. ശുദ്ധതയെപ്പറ്റി വലിയ മതിപ്പും, സമത്സരമായ സ്നേഹവും നിങ്ങൾ അവരിൽ അങ്കുരിപ്പിക്കണം. സുനിശ്ചിതവും മാതൃയോഗ്യവുമായ അഭിപ്രായത്തെ കന്യകയുടെ സംരക്ഷണത്തിനു തങ്ങളെ ഭരമേല്പിക്കുന്നതിനു നിങ്ങൾ അവൾക്കു ഉപദേശം നൽകണം. അവസാനമായി, ഒരു മാതാവിന്റെയും അദ്ധ്യാപികയുടെയും വിവേകത്തെ വിനിയോഗിച്ചുകൊണ്ടും, നിങ്ങളുടെ മക്കൾ ഹൃദയം തുറന്നു് നിങ്ങളിൽ അർപ്പിക്കുവാൻ തക്കവണ്ണം അവരിൽ നിങ്ങൾ സംജാതമാക്കിയിട്ടുള്ള പൂർണ്ണവിശ്വാസത്തെ ആധാരമാക്കിയും, അവർ വാഗ്രൂപേണ പ്രകാശിപ്പിക്കാൻ മടിക്കുന്ന ചില പ്രശ്നങ്ങൾ അവരുടെ ഹൃദയങ്ങളിൽ ഉദയം ചെയ്യുകയും അവരുടെ ഇന്ദ്രിയ

ങ്ങളെ ക്ഷോഭിപ്പിക്കയും ചെയ്യുന്ന അവസരത്തെ നി
ങ്ങൾ പ്രതീക്ഷിച്ചു് വിവേചനം ചെയ്യുന്നതിൽ ഒട്ടും
അമാന്തം വരുത്തരുതു്. ഈ സന്ദർഭത്തിൽ നിങ്ങളുടെ
പുത്രിമാരോടു നിങ്ങൾക്കും നിങ്ങളുടെ പുത്രന്മാരോടു
പിതാക്കന്മാർക്കും ഉള്ള കടമ, അവശ്യമെന്നു തോന്നുന്നിട
ത്തോളം സാവധാനമായും സൂക്ഷ്മതയോടുംകൂടി തിരസ്കൃര
ണിമാറ്റി യാഥാർത്ഥ്യം വെളിപ്പെടുത്തി ആ പ്രശ്ന
ങ്ങൾക്കു വിവേകപൂർവ്വവും വാസ്തവികവും ക്രിസ്തീയവുമാ
യ ഉത്തരം നൽകി അവരുടെ മനസ്സിനു സ്വാസ്ഥ്യം പ്ര
ദാനം ചെയ്യണം എന്നതത്രേ. തക്ക സമയത്തും തക്ക അ
ളവിലും തക്ക നിവാരണോപായസമേതവും മാതാപിതാ
ക്കന്മാരുടെ അധരങ്ങളിൽനിന്നുതന്നെ നിശ്ശുദ്ധവും വി
ശ്വാസയോഗ്യവുമായ ജീവസൂത്രങ്ങളുടെ പ്രകാശനം ശ്രവി
ക്കുന്നപക്ഷം അവർ വേറെത്തു ആദരവോടും കൃതജ്ഞത
യോടുംകൂടി അതിനെ സ്വീകരിക്കും. ഇങ്ങനെയല്ലാതെ
യാദൃശ്ചികമായോ, വല്ല സന്ദർഭത്തിൽനിന്നും ഉദ്ഭവി
ക്കുന്ന ക്ഷോഭമുഖേനയോ, രഹസ്യസംഭാഷണത്തിൽ
നിന്നോ, ഒഴുരായ കൂട്ടുകാരിൽനിന്നോ അഥവാ നിഷിദ്ധ
ഗ്രന്ഥാദികളുടെ പാരായണംമൂലമോ ഈവിഷയമായ അറി
വു ലഭിക്കുന്നപക്ഷം അതു വളരെയധികം ആപൽകര
മായിരിക്കും. മുടക്കപ്പെട്ട പുസ്തകങ്ങളും മറ്റും ഒളിവിൽ
വായിക്കുന്നതിൽനിന്നു അവശ്യകമായി ഭവിക്കുന്ന രഹ
സ്യപാലനം ഭാവനാശക്തിയെ ഉദ്ദീപിപ്പിച്ചു് ഇന്ദ്രിയ
ങ്ങളെ പ്രക്ഷോഭിപ്പിക്കുന്നു എന്ന കാരണത്താൽ അതു
കൂടുതൽ വിപൽകരവും ഉപദ്രവഹേതുകവുമാണു്. നി
ങ്ങളുടെ വാക്കുകൾ വിജ്ഞാനവത്തും വിവേകപൂർവ്വകവു
മാണെങ്കിൽ അവ അവരെ വലയം ചെയ്യുന്ന പ്രലോഭ
നങ്ങളിലും സന്മാർഗ്ഗഭ്രംശങ്ങളിലും അവക്കു പരിരക്ഷയും
പ്രബോധനവും നൽകും. "ശരാക്ഷേപം മുൻകൂട്ടി കാ
ണാൻ ഇടയാകുന്നപക്ഷം അതിന്റെ വേഗത കുറഞ്ഞു
പോകുന്നു" എന്നുണ്ടല്ലൊ.

മതം നൽകുന്ന ശക്തിമത്തായ സഹായം.

എന്നാൽ നിങ്ങളുടെ പുത്രന്മാരുടെയും പുത്രിമാരുടെയും ക്രിസ്തീയ ശിക്ഷണം എന്ന ഈ ശ്രേഷ്ഠമായ ജോലിയിൽ കുടുംബത്തിൽവച്ചു നൽകുന്ന അഭ്യാസം ക്രമത്തെന്നെ വിദഗ്ദ്ധവും സമഗ്രവുമായാലും അതുകൊണ്ടുമാത്രം മതിയാകയില്ലെന്നു് നിങ്ങൾ വേണ്ടപോലെ ഗ്രഹിച്ചിട്ടുണ്ടല്ലോ. മതത്തിന്റെ ശക്തിമത്തായ സഹായത്താൽ അതു സംപൂർണ്ണവും സമ്പന്നവുമാക്കപ്പെടണം. മാമ്മോദീസാ മുക്കുന്ന സമയം മുതൽ പുരോഹിതനു നിങ്ങളുടെ കുട്ടികളുടെമേൽ ഒരു ആദ്ധ്യാത്മിക പിതാവിന്റെയും അജപാലന്റെയും അധികാരം സിദ്ധിക്കുന്നു. അതിനാൽ വേദോപദേശത്തിന്റെയും ഭക്തിയുടെയും മൂലപാഠങ്ങൾ അവരെ പഠിപ്പിക്കുന്ന വിഷയത്തിൽ നിങ്ങൾ അദ്ദേഹത്തോടു സഹകരിച്ചു പ്രവർത്തിക്കണം. ഇവമാത്രമത്രെ സാർവത്രായ ശിക്ഷണത്തിന്റെ ആധാരം. നിങ്ങളുടെ കുട്ടികളുടെ പ്രഥമ ഗുരുക്കന്മാരായ നിങ്ങൾക്കുതന്നെ ആ വിഷയത്തിൽ വേണ്ടത്ര ശരിയായ ജ്ഞാനം ഉണ്ടായിരിക്കണം. നിങ്ങൾ അറിയാത്ത ഒരുകൂട്ടം അന്യരെപഠിപ്പിക്കാൻ സാധിക്കയില്ലല്ലോ. ദൈവത്തെ സ്നേഹിക്കുന്നതിനു, മിശിഹായെ സ്നേഹിക്കുന്നതിനു, നമ്മുടെ മാതാവായ തിരുസ്സഭയെ സ്നേഹിക്കുന്നതിനു, നിങ്ങളുടെ ന്യായകന്മാരും മാർഗ്ഗോപദേശകന്മാരുമായ സഭാപാലകന്മാരെ സ്നേഹിക്കുന്നതിനും അവരെ അഭ്യസിപ്പിക്കുവിൻ. മതപഠനത്തിൽ താല്പര്യം കാണിക്കുവിൻ. നിങ്ങളുടെ കുഞ്ഞുങ്ങൾ അതിനെ സ്നേഹിക്കുവാൻ പഠിപ്പിക്കുവിൻ. ദൈവസ്നേഹത്തിന്റെയും ഭയത്തിന്റെയും ക്രിസ്തീയ വിജ്ഞാനത്തിന്റെയും നിത്യജീവന്റെയും മഹാഗ്രന്ഥമത്രെ അതു്.

സംസ്ക്കാരകായ്മത്തിൽ വിരന്മാരായ സഹായകന്മാർ

ബഹുമുഖങ്ങളായ നിങ്ങളുടെ ഈ ശിക്ഷണജോലിയിൽ നിങ്ങളുടെ സാഹായത്തിനു ഇതരന്മാരെ ആശ്രയിക്കേണ്ട ആവശ്യകതയും അതിന്റെ പ്രയോജനവും നിങ്ങൾക്കു അനുഭവമാകും. നിങ്ങളെപ്പോലെ തന്നെ ക്രിസ്ത്യാനികളായ സഹായകന്മാരെ നിങ്ങൾ തിരഞ്ഞെടുക്കണം. നിങ്ങൾ ഒരു നിധിയാണെ അവരെ ഏല്പിക്കുന്നതു്. അതിനാൽ അതു് അർഹിക്കുന്ന സൂക്ഷ്മതയോടുകൂടി അവരെ തിരഞ്ഞെടുക്കുവിൻ. നിങ്ങളുടെ കുട്ടികളുടെ വിശ്വാസം, വിശുദ്ധി, ഭക്തി ഇവയെയും അവരുടെ പരിപാലനത്തിനു നിങ്ങൾ ഏല്പിക്കുന്നതു്. ഇങ്ങനെ അവരെ തിരഞ്ഞെടുത്തുകഴിഞ്ഞാൽ പിന്നെ നിങ്ങളുടെ ചുമതലയും ജാഗരണവും അവസാനിച്ചു എന്നു വിചാരിക്കരുതു്. നിങ്ങൾ അവരായി സഹകരിച്ചു പ്രവർത്തിക്കണം. അദ്ധ്യാപകവൃത്തിയിൽ അവർ എത്രതന്നെ സമർത്ഥന്മാരായാലും നിങ്ങളുടെ സഹകരണം കൂടാതെ നിങ്ങളുടെ കുട്ടികളെ കരുപ്പിടിക്കുന്നതിൽ അവർക്കു വിജയം കൈവരികയില്ല. അവരെ സഹായിച്ചു അനുകൂലിക്കുന്നതിനുപകരം നിങ്ങൾ അവരെ പ്രതികൂലിക്കയും പ്രതിരോധിക്കയും ചെയ്യുന്നതെന്തു കാര്യം പറയേണ്ടതില്ലല്ലൊ. നിങ്ങളുടെ മക്കളുടെ സ്വഭാവരൂപവൽക്കരണത്തിനും ഭക്തിസംവർദ്ധനത്തിനുമായി സ്കൂളിലോ വേദപാഠക്ലാസ്സിലൊ അഥവാ കത്തോലിക്കാ സമുദായങ്ങളിലൊ ചെയ്യപ്പെടുന്നവയെല്ലാം വിട്ടിൽവച്ചു നിങ്ങളുടെ അതിലാളനവും വാത്സല്യവുംകൊണ്ടു ശിഥിലീകൃതമാകുന്നപക്ഷം അതു എത്ര വലിയ ദുർഭാഗ്യമായിരിക്കും!

എന്നാൽ—ചില മാതാക്കൾ പറയുമായിരിക്കും—ഇക്കാലത്തു കുട്ടികളെ നിയന്ത്രിക്കാൻ വലിയ പ്രയാസമാണു്. എന്റെ ആ മകനേകൊണ്ടു ഞാൻ തോറ്റു—എ

ന്റെ ഈ മകളേക്കൊണ്ടു ഞാൻ മടുത്തു! ശരിതന്നെ. പന്ത്രണ്ടോ പതിനഞ്ചോ വയസ്സാകുമ്പോൾ ബാലികാബാലകന്മാരിൽ പലരും അനുസരണമില്ലാത്തവരാണെന്നു സമ്മതിച്ചേക്കാം. എന്നാൽ അതു എന്തുകൊണ്ടാണ്? അവർക്കു രണ്ടോ മൂന്നോ വയസ്സായിരുന്ന കാലത്തു അവരുടെ തന്നിഷ്ടം ചെയ്യാൻ അനുവദിച്ചതുകൊണ്ടു്. ചില പ്രകൃതിക്കാർ കുതിഷ്നന്മാരും അജ്ഞാലംഘികളുമാണു് എന്നതു് ശരിതന്നെ. എന്നാൽ എത്രത്തോളം അനുസരണാരഹിതന്മാരും നിർബന്ധശീലന്മാരുമായാലും അവർ നിങ്ങളുടെ മക്കൾതന്നെയാണല്ലൊ. ഒരുവൻ രോഗിയോ വിരൂപനോ അണെന്നിരിക്കട്ടെ. അതുകൊണ്ടു നിങ്ങൾ അവന്റെ സഹോദരിസഹോദരന്മാരേക്കാൾ കുറച്ചേ അവനെ സ്നേഹിക്കുന്നുള്ളോ? അവനെ നിങ്ങൾക്കു തൈവമാണു പ്രദാനം ചെയ്തതു്. കുടുംബഭ്രഷ്ടൻ എന്നനിലയിൽ നിങ്ങൾ അവനോടു പെരുമാറാതിരിക്കാൻ സൂക്ഷിക്കുകാള്ളുവിൻ. അവധാനം, ക്ഷമ, സ്നേഹം ഇവക്കാണ്ടുനന്നാക്കാൻ പാടില്ലാത്തവണ്ണം അത്ര അവിധേയനായ യാതൊരു കുട്ടിയുമില്ലതന്നെ. ഒരുവൻ എത്രതന്നെ അഹങ്കാരിയായാലും നന്മനസ്സിന്റെ ബിജം അവന്റെ ഹൃദയാന്തർഭാഗത്തു ഒളിഞ്ഞു കിടക്കാതിരിക്കയില്ല. ബുദ്ധിശൂന്യമായ കാഠിന്യവും ഉദ്ദണ്ഡനവുംകൊണ്ടു് അതിനെ ഉൻമൂലനം ചെയ്യത്തക്ക പ്രയത്നത്തിൽ ഏത്രാതിരുന്നാൽ ഏതു കല്ലുപോലെ കട്ടത്തരും ഉപയോഗരഹിതവും എന്നു തോന്നുന്ന ഹൃദയഭൂമിപോലും അനുസരണത്തിന്റെയും സുകൃതത്തിന്റെയും ചില പുഷ്പങ്ങളെ എങ്കിലും പുറപ്പെടുവിക്കാതിരിക്കുന്നതു വളരെ വിരളമാണു്. മാതാപിതാക്കന്മാർക്കു തങ്ങളുടെ മക്കളിൽ ആരോടെങ്കിലും പക്ഷപാതിത്വം, അനർഹമായ അധികാരം, അഥവാ വിദ്വേഷം ഇവയിൽ ഏതിന്റെയെങ്കിലും ലാഞ്ഛനം ഉള്ളതായി അവർ കണ്ടുപിടിച്ചാൽ— അതു കണ്ടുപിടിക്കാൻ തക്കസൂക്ഷ്മതകളെത്ര അവർ—നിങ്ങളുടെ

മക്കളുടെ ശിക്ഷണം ആസ്കലം നശീകൃതമാകും. നിങ്ങളുടെയും നിങ്ങളുടെ കുടുംബത്തിന്റെയും നന്മയ്ക്കുവേണ്ടി ഈ ഒരുകാര്യം വ്യക്തമാക്കണം—അതായത്, നിങ്ങൾമിതമായ ദണ്ഡനം പ്രയോഗിക്കയോ അല്ലെങ്കിൽ പ്രോത്സാഹനവും ലാളനവും നൽകുകയോ ചെയ്യുമ്പോൾ, നിങ്ങൾക്ക് എല്ലുംവരോടും സമമായ സ്നേഹം- തെറ്റുതിരുത്താനോ നന്മയേ പ്രോത്സാഹിപ്പിക്കാനോ ആയിട്ടല്ലാതെ പക്ഷഭേദമൊന്നും കാണിക്കാത്ത സ്നേഹം—ആണ് ഉള്ളതെന്ന് വിശദമാക്കണം. നിങ്ങൾക്ക് അവരേവരേയും ഒരുപോലെയല്ലയോ ദൈവത്തിൽനിന്നു ലഭിച്ചിരിക്കുന്നത്?

അദ്ധ്യാപികമാർ ക്രിസ്തീയ മാതാക്കളുടെ തോളോടുതോൾ ചേർന്നുനില്ക്കണം

അല്ലയോ ക്രിസ്തീയ മാതാക്കളെ, നമ്മുടെ വചനങ്ങൾ പ്രധാനമായി നിങ്ങളോടാണല്ലൊ അഭ്യർത്ഥനം ചെയ്യപ്പെട്ടത്. എന്നാൽ നമ്മുടെ ചുറ്റും ഇന്നു നിങ്ങളോടുകൂടി ഒരു സംഘം കന്യാസ്ത്രികളെയും അദ്ധ്യാപികമാരെയും ക്രിസ്തീയ ശിക്ഷണജോലിയിൽ ഏർപ്പെട്ടിരിക്കുന്നവരുമായ പലരെയും നാം കാണുന്നു. അവരും മാതാക്കൾ തന്നെ. പ്രകൃതിയാലോ രക്തത്താലോ അല്ല; മിശിഹായിക്കും തന്റെ സഭയ്ക്കും പ്രേമഭാജനങ്ങളായിരിക്കുന്ന കുഞ്ഞുങ്ങളോടു അവർ പ്രദർശിപ്പിക്കുന്ന സ്നേഹംമൂലമത്രെ. അതെ, നിങ്ങളും, ശിക്ഷണജോലിയിൽ ക്രിസ്തീയ മാതാക്കളുടെ തോളോടുതോൾ ചേർന്നുനില്ക്കുന്ന നിങ്ങളും, മാതാക്കൾതന്നെ; എന്തെന്നാൽ നിങ്ങൾക്കും മാതൃഹൃദയമാണുള്ളത്. പരിശുദ്ധാത്മാവു നിങ്ങളിൽ ചിന്തിയിരിക്കുന്ന ഉപവിയാൽ അതു ജ്വലിക്കുന്നു. ഈ ഉപവിയിൽ, സൽപ്രവൃത്തിയുടെ പാതയിൽ ചരിക്കാൻ നിങ്ങളെ നി

ബ്രഹ്മചര്യത്തിന്റെ മിശിഹായുടെ ഈ ഉപവിയിൽ ആണല്ലൊ നിങ്ങൾ പ്രകാശവും ആശ്വാസവും, മാതാക്കളും പിതാക്കന്മാരും മക്കളുമായി നിങ്ങൾക്ക ഇത്ര ദൃഢസൌഹൃദം പ്രദാനം ചെയ്യുന്ന ഉദ്യോഗവും കണ്ടെത്തുന്നതു്. സമുദായത്തിന്റെ ഈ സജീവശാഖകളെ, മാതാപിതാക്കന്മാരുടെയും തിരുസ്സഭയുടെയും ആശാബന്ധമായിരിക്കുന്ന ഈ വത്സഗണത്തെ നിങ്ങൾ ഒരുമിച്ചു കൂട്ടുന്നു. അനേകായിരം കുഞ്ഞുങ്ങൾ അങ്ങിയ ഒരു വലിയ കൂട്ടം ബന്ധമായി അവരെ നിങ്ങൾ വിധാനം ചെയ്യുന്നു. അവരുടെ മനഃസംസ്കാരത്തേയും സ്വഭാവത്തേയും ഹൃദയങ്ങളെയും നിങ്ങൾ വികസിപ്പിക്കുന്നു. അവരെ ആദ്ധ്യാത്മികവും സാന്മാർഗ്ഗികവുമായ ഒരു അന്തരീക്ഷത്തിൽ നിങ്ങൾ വളർത്തുന്നു. ഈ അന്തരീക്ഷത്തിലാകട്ടെ സ്വഭാവശുദ്ധിയുടെ മഹത്ഫലമായ ആനന്ദം, ദൈവവിശ്വാസം, വിശുദ്ധ വസ്തുക്കളോടുള്ള ബഹുമാനം, മാതാപിതാക്കന്മാരോടും മാതൃരാജ്യത്തോടുമുള്ള കർത്തവ്യബോധം ഇവ ഒരുമിച്ചു പ്രത്യക്ഷമാകുന്നു. നമ്മുടെ പ്രശംസയും കൃതജ്ഞതയും എല്ലാ മാതാക്കളുടെയും ഉപകാരസ്മരണാസമന്വിതം പുണ്ണ്യഭൂമിയിൽ നിങ്ങളെ ലാക്കാക്കി ബഹിർഗ്ഗമിക്കുന്നു. നിങ്ങൾവിട്ടുകളിലും സ്കൂളുകളിലും കോളജുകളിലും സമാജങ്ങളിലും അഹമഹമികയാ പ്രയത്നിച്ചുകൊണ്ടു ശിക്ഷണത്തിൽ മാതാക്കളുടെ ഉദ്യോഗം തുടർന്നു നിർവഹിക്കുന്നു. നിങ്ങൾ യഥാർത്ഥത്തിൽ, ആദ്ധ്യാത്മിക മാതാക്കളുടെ ഒരു ഭഗിനീ സമാജമത്രെ. നിങ്ങളുടെ സന്താനമാകട്ടെ യുവജനതയുടെ ഉൽകൃഷ്ടാംശവുമാകുന്നു.

ഉപസംഹാരം.

ക്രിസ്തീയ മാതാക്കളെ, പ്രേഷ്ഠ പുത്രിമാരേ, നിങ്ങളുടെ അതുലവും, ഈ കാലഘട്ടത്തിൽ ഭൂയിഷ്ഠകളായ വിഷമതകളാലും വിഘ്നതകളാലും നിബിഡവുമായിരിക്കുന്നേ

ഉദ്യോഗത്തിന്റെ മഹിമകളെ മുരുക്കമായി വിവരിക്കുന്നതിനേ നമുക്കു സാധിച്ചുള്ളൂ. ഗൃഹാന്തർഭാഗത്തു പിള്ളത്തൊട്ടിയുടെ സമീപത്തുനിന്നു സ്വന്ത കുഞ്ഞുങ്ങളുടെ ധാത്രിയും അദ്ധ്യാപികയുമെന്നനിലയിൽ നിജകർത്തവ്യകർമ്മത്തെ നിർവ്വഹിക്കുന്ന ഒരു മാതാവിന്റെ ആകാരം എത്രതേജോമയം! അവളുടെ ജോലി ക്ലേശപൂരിതമാകുന്നു. ദൈവവരം സർവ്വദാ അവളുടെ അന്തികത്തിൽ നിലകൊണ്ടു് അവർക്കു പ്രകാശം നൽകി അവളെ നയിക്കയും അവളുടെ അനുദിനാകൃതികളിലും, ആയാസങ്ങളിലും അവളെ പരിചരിക്കയും ചെയ്യുന്നില്ലായിരുന്നെങ്കിൽ, അവൾ അതിനു തിരെ അപര്യാപ്തയാണെന്നു ഗണിക്കപ്പാനുള്ള പ്രലോഭനത്തിനു നാം വശംവദനായേനേ. ഈ ബാലാത്മാക്കളുടെ രൂപവൽകരണത്തിൽ തനിക്കു സഹായം നൽകാൻ അവൾ ക്ഷണിക്കുന്ന ഇതരശിക്ഷകർ-വിദ്യത്തിലും അരുപിയിലും മാതൃസന്നിഭരായ ഇതരശിക്ഷകർ– ഇല്ലായിരുന്നെങ്കിലും നാം മേൽപ്രസ്താവിച്ച പ്രലോഭനത്തിനു വശഗനായേനേ. കവിഞ്ഞൊഴുകുന്ന വരപ്രസാദങ്ങളാൽ നിങ്ങളെ നിറയ്ക്കുണമെന്നും, നിങ്ങളെ ഭരമേല്പിച്ചിരിക്കുന്നകുഞ്ഞുങ്ങളേപ്രതിയുള്ള നിങ്ങളുടെ സാമാന്യപ്രയത്നങ്ങൾക്കു ഫലാഭിവൃദ്ധി പ്രദാനം ചെയ്യണമെന്നും ദൈവത്തെ പ്രാർത്ഥിച്ചുകൊണ്ടു് സ്വർഗ്ഗീയാനുഗ്രഹങ്ങളുടെ അച്ചാരമായി നമ്മുടെ ഹൃദയത്തിൽനിന്നു പൈതൃകമായ ശ്ലൈഹികാശിസ്സു നിങ്ങൾക്കു നാം നൽകുന്നു.



Nihil obstat.

Fr. Bernardine T. O. C. D.

Mannanam,
8-11-'44.

Imprimatur.

† J. Kalacherry,
Ep. Changanacherry,

21 - XI - '44.

Printed at the St. Joseph's Press, Mannanam 1944.